**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4848** **13-03-2023 - ൽ മറുപടിയ്ക്ക്**

**മത്സ്യഫെഡിലെ നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2016-ന് ശേഷം മത്സ്യഫെഡിലെ നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്തുന്നതിന് തീരുമാനിച്ചിരുന്നോ; എങ്കിൽ ഇതിന് ശേഷം എത്ര തസ്തികകളിൽ പി.എസ്.സി. മുഖേന നിയമനം നടത്തിയെന്ന് വിശദമാക്കാമോ; | (എ) | 17/02/2016 ലെ ജി.ഒ.(പി) നമ്പർ. 5/2016/ എഫ്&പി.ഡി പ്രകാരം മത്സ്യഫെഡിന്റെ സ്പെഷ്യൽ റൂൾസിന് സർക്കാർ അംഗീകാരം നൽകിയതിന് ശേഷം സ്ഥാപനത്തിലെ നേരിട്ട് നിയമനം നടത്തേണ്ട ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ സ്റ്റോർ കീപ്പർ തസ്തികയിൽ 2 ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. ഇലക്ട്രിക്കൽ സൂപ്പർ വൈസർ തസ്തികയിൽ ഒരു ഉദ്യോഗാർത്ഥിക്കുള്ള അഡ്വൈസ് മെമ്മോ മത്സ്യഫെഡിൽ ലഭിച്ചതിൻ പ്രകാരം നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |
| (ബി) | പി.എസ്.സി. മുഖേന നിയമനം നടത്തുന്നതിന് തീരുമാനിച്ചിരുന്ന തസ്തികകളിൽ ഇപ്പോൾ താൽക്കാലിക / കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (ബി) | ഉണ്ട്.<br><br>കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളിലേയ്ക്ക് ഉദ്യോഗാർഥികളെ അഡ്വൈസ് ചെയ്യുന്നതിനുള്ള കാലതാമസം നേരിടുന്നതിനാൽ നിലവിൽ അത്യാവശ്യം വേണ്ട തസ്തികകളിൽ താൽക്കാലിക / കരാർ ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്. |
| (സി) | മത്സ്യഫെഡിൽ നിലവിൽ ഏത് പെൻഷൻ സ്കീം ആണ് നടപ്പാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | മത്സ്യഫെഡിൽ എംപ്ലോയീസ് പ്രോവിഡന്റ് സ്കീമിന്റെ പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (ഡി) | മത്സ്യഫെഡിൽ നിലവിൽ ജോലി ചെയ്യുന്ന സ്ഥിരം ജീവനക്കാരുടേയും ഡെപ്യൂട്ടേഷൻ ജീവനക്കാരുടെ കണക്കുകൾ തസ്തിക തിരിച്ച് ലഭ്യമാക്കാമോ; | (ഡി) | അനുബന്ധം ആയി ചേർത്തിരിക്കുന്നു. |
| (ഇ) | മത്സ്യഫെഡ് ജീവനക്കാരുടെ റിട്ടയർമെന്റ് പ്രായം എത്രയാണ്; റിട്ടയർമെന്റിന് ശേഷം എത്ര ജീവനക്കാർ കരാർ/താൽക്കാലിക | (ഇ) | മത്സ്യഫെഡ് ജീവനക്കാരുടെ റിട്ടയർമെന്റ് പ്രായം (പാർട്ട് ടൈം സ്വീപ്പർ ഒഴികെ) 58 വയസ്സാണ്. സ്ഥിരം ജീവനക്കാരനായിരുന്ന ഒരാൾ മാത്രം |

| | | | |
|---|---|---|---|
| | അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ട്; വിശദമാക്കാമോ; | | റിട്ടയർമെന്റിന് ശേഷം ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ട്. |
| (എഫ്) | കരാർ/താൽക്കാലിക അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ജീവനക്കാർ റിട്ടയർമെന്റ് പ്രായം കഴിഞ്ഞിട്ടും തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (എഫ്) | സ്ഥിരം ജീവനക്കാരുടെ കുറവ് നേരിടുന്നതിനാലും പരിചയ സമ്പന്നരായ ജീവനക്കാരുടെ സേവനം ആവശ്യമായതിനാലും കരാർ/ താൽക്കാലിക അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ജീവനക്കാരിൽ 58 വയസ്സ് കഴിഞ്ഞ 6 ജീവനക്കാരുടെ സേവനം ഇപ്പോഴും വിനിയോഗിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**മത്സ്യഫെഡിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന സ്ഥിരം ജീവനക്കാരുടേയും ഡെപ്യൂട്ടേഷൻ ജീവനക്കാരുടെയും വിവരം**

| ക്രമ നം | തസ്തിക (സ്ഥിരം) | എണ്ണം | തസ്തിക(ഡെപ്യൂട്ടേഷൻ) | എണ്ണം |
|---|---|---|---|---|
| 1 | ഡെപ്യൂട്ടി ജനറൽ മാനേജർ | 3 | മാനേജിംഗ് ഡയറക്ടർ | 1 |
| 2 | മാനേജർ | 13 | ജനറൽ മാനേജർ | 1 |
| 3 | ഡെപ്യൂട്ടി മാനേജർ | 2 | പേഴ്സണൽ മാനേജർ | 1 |
| 4 | അസിസ്റ്റൻറ് എഞ്ചിനിയർ | 1 | മാനേജർ | 4 |
| 5 | അസിസ്റ്റൻറ് മാനേജർ | 3 | അസിസ്റ്റൻറ് മാനേജർ | 3 |
| 6 | അക്കൗണ്ട്സ് ഓഫീസർ | 5 | പ്രോജക്റ്റ് ഓഫീസർ | 1 |
| 7 | സൂപ്രണ്ട് | 12 | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 1 |
| 8 | അക്കൗണ്ടന്റ് | 4 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 1 |
| 9 | ഫെയർ കോപ്പി സൂപ്രണ്ട് | 1 | ജൂനിയർ അസിസ്റ്റൻറ് | 2 |
| 10 | ടൈപ്പിസ്റ്റ് | 8 | സീനിയർ അസിസ്റ്റൻറ് | 2 |
| 11 | പ്രൊഡക്ഷൻ സൂപ്പർവൈസർ | 1 | സൂപ്രണ്ട് | 1 |
| 12 | ജൂനിയർ അസിസ്റ്റന്റ് | 2 | | |
| 13 | സീനിയർ അസിസ്റ്റന്റ് | 1 | | |
| 14 | റഫ്രിജറേഷൻ സൂപ്പർവൈസർ | 1 | | |
| 15 | ഓപ്പറേറ്റർ | 19 | | |
| 16 | ഫാം വർക്കർ | 17 | | |
| 17 | സെയിൽസ്മാൻ | 15 | | |
| 18 | ഓഫീസ് അറ്റന്റർ | 26 | | |
| 19 | പാർട്ട് ടൈം സ്വീപ്പർ | 7 | | |
| 20 | ഫുൾ ടൈം സ്വീപ്പർ | 1 | | |
| 21 | റഫ്രിജറേഷൻ മെക്കാനിക്ക് | 1 | | |
| 22 | ജൂനിയർ സ്കിപ്പർ | 1 | | |
| 23 | ക്ലർക്ക് കം സെയിൽസ്മാൻ | 1 | | |
| 24 | ഹെൽപ്പർ | 7 | | |
| 25 | ബോയിലർ ഓപ്പറേറ്റർ | 1 | | |
| 26 | ഡ്രൈവർ | 9 | | |
| 27 | വർക്കർ | 6 | | |
| 28 | ഓവർസിയർ | 1 | | |
| 29 | സ്റ്റോർകീപ്പർ | 1 | | |
| 30 | സ്റ്റോർ അസിസ്റ്റന്റ് | 1 | | |
| | ആകെ | **171** | | **18** |

(signature)

സെക്ഷൻ ഓഫീസർ